**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 84** **27.02.2017-ൽ മറുപടിക്ക്**

**അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ സർവ്വീസിലെ ചില വ്യാജ നിയമനങ്ങളും നിയമന തട്ടിപ്പുകളും വെളിച്ചത്തുവന്നതിനെ തുടർന്ന് രൂപീകരിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ വിവിധ സർക്കാർ വകുപ്പുകളിൽ 2001 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് ബുക്ക് പരിശോധിക്കുകയും പി.എസ്.സി. ഓഫീസുകളിൽ നിന്നും ലഭ്യമായ രേഖകളുമായി ഒത്തുനോക്കി ടി നിയമനങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. നിയമനം സംബന്ധിച്ച വിശദാംശങ്ങൾക്കു പുറമേ അറ്റൻഡൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ക്യാഷ് ബുക്ക് തുടങ്ങിയ രജിസ്റ്ററുകൾ പരിശോധിക്കുന്നതിനും പ്രസ്തുത സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളിൽ ആകസ്മിക പരിശോധന (sudden inspection) നടത്തുന്നതിനും ഈ വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് വരികയും ചെയ്യുന്നു. |
| (ബി) | വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ഈ സെൽ പരിശോധിക്കുന്നുണ്ടോ എന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ഒഴിവുകൾ കണ്ടെത്തുന്നതിനായി വിവിധ സർക്കാർ ഓഫീസുകളിൽ പരിശോധന നടത്തുന്ന വേളയിൽത്തന്നെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട മേലധികാരിക്ക് കർശന നിർദ്ദേശം നൽകുകയും ആയത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സെൽ ആരംഭിച്ചിട്ട് നാളിതുവരെ ഇത്തരം പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളുടെ എണ്ണം പട്ടികയായി സൂക്ഷിക്കാറുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (സി) | അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ രൂപീകരിച്ചതുമുതൽ ഇപ്രകാരം പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളുടെ എണ്ണം പട്ടികയായി സൂക്ഷിച്ചിട്ടില്ല. എന്നാൽ 2016 ഡിസംബർ 31 ന് കാലാവധി അവസാനിച്ച പി.എസ്.സി റാങ്ക് ലിസ്റ്റിലേക്കുള്ള ഒഴിവുകൾ കണ്ടെത്തുന്നതിനായി 2016 ഡിസംബർ മാസത്തിൽ എല്ലാ ജില്ലകളിലേയും വിവിധ സർക്കാർ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ 2394 ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത് നിരീക്ഷിക്കപ്പെടുന്നുണ്ടോ; ഇല്ലായെങ്കിൽ നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) | വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പുകളോട് ശുപാർശ ചെയ്യുന്നതാണ്. ഒഴിവുകൾ യഥാസമയം ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനുതകുന്നരീതിയിൽ VARAM എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. |
| (ഇ) | ഒഴിവ് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികളുടെ മേൽ എന്തൊക്കെ നടപടികൾ എടുക്കുന്നതിനാണ് പ്രസ്തുത സെല്ലിന് അധികാരമുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 2016 ഡിസംബർ മാസത്തിൽ റിപ്പോർട്ടുചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ**

| നമ്പർ | വകുപ്പ് | പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഒഴിവുകൾ |
|---|---|---|
| 1 | ഡി.എം.ഒ (ആരോഗ്യം) | 589 |
| 2 | ഡി.എം.ഒ (ഐ.എസ്.എം) | 7 |
| 3 | ഡി.എം.ഒ (ഹോമിയോ) | 81 |
| 4 | റവന്യൂ വകുപ്പ് | 34 |
| 5 | വിദ്യാഭ്യാസ വകുപ്പ് | 496 |
| 6 | പഞ്ചായത്ത് വകുപ്പ് | 9 |
| 7 | സാമൂഹ്യ നീതി | 33 |
| 8 | സിവിൽ സപ്ലൈസ് വകുപ്പ് | 4 |
| 9 | കെ.എസ്.ഇ.ബി | 1004 |
| 10 | സപ്ലൈകോ | 15 |
| 11 | സർവ്വേ & ലാന്റ് റെക്കോർഡ്സ് | 2 |
| 12 | കൊളീജിയേറ്റ് വിദ്യാഭ്യാസ വകുപ്പ് | 17 |
| 13 | വി.എച്ച്.എസ്.ഇ | 42 |
| 14 | ഹയർ സെക്കൻഡറി വകുപ്പ് | 61 |
| | ആകെ | 2394 |

സെക്ഷൻ ഓഫീസർ